കേരളകൗമുദി

06 May 2017

# ജീവിതക്കടലിൽ പ്രണയവലയെറിഞ്ഞ് രേഖയും കാർത്തികേയനും

KAUMUDI SPECIAL

എം.വി. ഹരീന്ദ്രനാഥ്



എറണാകുളം സി.എം.എഫ്.ആർ.ഐയിൽ നടന്ന മത്സ്യ തൊഴിലാളി-കർഷക പ്രതിനിധികളുമായുള്ള ചർച്ചയ്ക്കെത്തിയ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് കടലിൽ പോയി മത്സ്യബന്ധനം നടത്തുന്ന കെ.വി. കാർത്തികേയൻ-രേഖ ദമ്പതികളെ ആദരിച്ചപ്പോൾ. ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ സമീപം
ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്

കൊച്ചി: പതിനെട്ട്‌വർഷം മുമ്പ് കാർത്തികേയൻ കടലിലേക്കിറക്കിയ വള്ളത്തിൽ ചാടിക്കയറിയപ്പോൾ രേഖയ്ക്ക് നീന്തലറിയുമായിരുന്നില്ല. കടലിരമ്പത്തെക്കാൾ വലിയ ഇരമ്പമായിരുന്നു അപ്പോൾ രേഖയുടെ മനസിൽ. അതുകൊണ്ട് തന്നെ ഭയം അന്നും തോന്നിയില്ല. പ്രണയവിവാഹം ഇരുവരെയും ഒറ്റപ്പെടുത്തിയപ്പോൾ കടലിലേക്കല്ലാതെ മറ്റൊരു വഴിയും ഇവർക്ക് മുന്നിൽ തെളിഞ്ഞില്ല. കാർത്തികേയൻ വലയെറിഞ്ഞു ജീവിച്ച കടലിലേക്ക് രേഖയും രണ്ടും കല്പിച്ചിറങ്ങി. അങ്ങനെ കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന ഇന്ത്യയിലെ ആദ്യ ദമ്പതികളായി. രണ്ടു പതിറ്റാണ്ട്തികയാറായിട്ടും രണ്ടാം സ്ഥാനത്തിന് ആരുമെത്തിയില്ല.

വീട്ടുകാരുടെ എതിർപ്പ് അവഗണിച്ച് ധീവര സമുദായാംഗമായ തൃശ്ശൂർ കുണ്ടഴിയൂർ കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയനെ വിവാഹം ചെയ്തതോടെ തീയ്യ സമുദായാംഗമായ രേഖയുടെ ജീവിതം പോരാട്ടമായി. ചേറ്റുവ കടപ്പുറത്ത് മീൻപിടിക്കാൻ ഒരു പെണ്ണ് പോകുന്നത് യാഥാസ്ഥിതികരായ നാട്ടുകാർക്കും രുചിച്ചില്ല. എന്നും പരിഹാസമായിരുന്നു:

ഇവൾക്ക് വേറെ പണിയൊന്നും ചെയ്തുകൂടെ, കടലിൽ മീൻ പിടിക്കാൻപോവുന്നു....സ്ത്രീകൾ കടലിൽ പോയാൽ കടലമ്മ കോപിക്കും...

ദാരിദ്ര്യത്തിന് മുന്നിൽ ഇതൊന്നും രേഖയ്ക്ക് പ്രശ്നമായിരുന്നില്ല. ജീവിതം കരുപ്പിടിപ്പിക്കണമെന്ന ചിന്ത മാത്രമായിരുന്നു ഇരുവർക്കും. ഔട്ട് ബോർഡ് എൻജിൻ വള്ളവും വലയും കടക്കെണി വരുത്തിയപ്പോഴും ദൃഢനിശ്ചയത്തിന്റെ തുഴയും വലയുമെറിഞ്ഞ് അവർ കരുത്തുകാട്ടി.

ആദ്യം കടലിൽ പോകുമ്പോൾ ഛർദ്ദിച്ച് വലയുമായിരുന്നു. പിന്നെ പിന്നെ എത്രദിവസം വേണമെങ്കിലും കടലിൽ കഴിയാമെന്നായി...

കടലിൽ മീൻപിടിക്കുന്നത് മാത്രമല്ല, മാർക്കറ്റിൽ എത്തിക്കുന്നതും ഇരുവരും ഒരുമിച്ചാണ്. തൃശ്ശൂർ, ചാവക്കാട് മാർക്കറ്റുകളിലാണ് മീൻ വിൽക്കുന്നത്. ചിലപ്പോൾ പരിചയമുള്ള വീടുകളിൽ ഫോൺ ചെയ്ത് മത്സ്യമെത്തിക്കും. വർഷങ്ങളായി മീൻപിടിത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന തനിക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നാണ് രേഖയുടെ ഒരേയൊരു പരാതി. ജാതിയാണത്രേ പ്രശ്നം.

ഇന്നലെ എറണാകുളത്തെ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗവത് ഇരുവരെയും പൊന്നാടയണിയിച്ച് ആദരിച്ചു. വിദ്യാർത്ഥികളായ നാല് പെൺമക്കൾക്കൊപ്പം കാർത്തികേയനും രേഖയും വേദിയിൽ നിന്നത് ജീവിത പ്രതിസന്ധികളെ പൊരുതി തോല്പിക്കുന്ന ആത്മവിശ്വാസത്തിന്റെ പ്രകാശവലയത്തിലായിരുന്നു.

ഇന്നലെ രേഖയുടെ 18-ാം വിവാഹവാർഷികവും 34-ാം പിറന്നാളുമായിരുന്നു. കേന്ദ്രമന്ത്രിയുടെ ആദരവിന്റെ സന്തോഷത്തോടെ ഇന്നും ചേറ്റുവ കടപ്പുറത്ത് നിന്ന് രേഖ കാർത്തികേയനൊപ്പം വള്ളത്തിൽ കയറും.

പതിനെട്ട് വർഷം മുമ്പുണ്ടായിരുന്ന അതേ ആത്മവിശ്വാസത്തോടെ. ഇന്നും രേഖയ്ക്ക് നീന്തലറിയില്ല. കാർത്തികേയനെന്ന വിശ്വാസം കൂടെയുള്ളപ്പോൾ എന്തിന് കടലമ്മയെ സംശയിക്കണം...